**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4627 — 20.10.2011 ൽ മറുപടിയ്ക്ക്

## സപ്ലൈകോയിലെ സബ്സിഡി

**ചോദ്യം**

ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) ;
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീമതി. കെ.എസ്.സലീഖ ;
ശ്രീമതി. കെ.കെ.ലതിക ;

**ഉത്തരം**

ശ്രീ. റ്റി.എം. ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) സപ്ലൈകോയിലൂടെ ഭക്ഷ്യ വസ്തുക്കളുടെ വിലകുറച്ച് നൽകുന്നതിന് പ്രതിമാസം ശരാശരി എന്തു തുക ചെലവഴിക്കുന്നുണ്ട്;

എ) സപ്ലൈകോയിലൂടെ ഭക്ഷ്യവസ്തുക്കളുടെ വില കുറച്ച് നൽകുന്നതിനായി (സബ്സിഡിയിനത്തിൽ) പ്രതി മാസം ശരാശരി 12 കോടി രൂപ വരെ ചെലവഴി ക്കുന്നുണ്ട്.

ബി) കഴിഞ്ഞ നാലു മാസം സപ്ലൈകോയ്ക്ക് സബ് സിഡി നൽകിയ ഇന ത്തിൽ ചെലവായ തുക എത്ര ; മുൻ സർക്കാരിന്റെ കാലയളവിൽ മൊത്തം എന്തു തുക സപ്ലൈകോ യ്ക്ക് നൽകുകയുണ്ടായി ;

ബി) പൊതുവിപണിയിൽ ഇടപെടുന്നതിലേയ്ക്കായി സപ്ലൈ കോയ്ക്ക് ജൂൺ 2011 മുതൽ സെപ്റ്റംബർ 2011 വരെയുള്ള കാലയളവിൽ ആകെ 18,32,33,547 രൂപ സർക്കാരിൽ നിന്നും സബ്സിഡിയായി നൽകിയിട്ടുണ്ട്.

2006-11 കാലയളവിൽ സംസ്ഥാന സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുവദിച്ച സബ്സിഡി താഴെ കാണിക്കുന്നു.

| വർഷം | സബ്സിഡി തുക (കോടി) മാർക്കറ്റ് ഇന്റർവെൻഷൻ | അരിക്കട തുക (കോടി) | ഓണക്കിറ്റ് തുക (കോടി) | ആകെ (കോടി) |
|---|---|---|---|---|
| 2006-07 | 23.62 | 0 | 6.38 | 30.00 |
| 2007-08 | 42.92 | 7.08 | 0 | 50.00 |
| 2008-09 | 69.32 | 25.68 | 10.00 | 105.00 |
| 2009-10 | 47.00 | 24.00 | 12.00 | 83.00 |
| 2010-11 | 52.00 | 10.00 | 14.31 | 76.31 |
| ആകെ (കോടി) | 234.86 | 66.76 | 42.69 | 344.31 |

സി) സപ്ലൈകോ വിതരണം ചെയ്തു വരുന്ന ഭക്ഷ്യ വസ്തുക്കളിൽ വാങ്ങുന്ന വിലയേക്കാൾ കൂടിയ നിര ക്കിൽ വിൽക്കുന്നവ ഏവ; മാർജിൻ എത്ര; അതേ വിലയ്ക്ക് വിൽക്കുന്നവ ഏവ ?

സി) റേഷൻ കാർഡ് ഉടമകൾക്ക് ഉഴുന്ന്, വൻപയർ, പീസ് പരിപ്പ്, മുളക്, മല്ലി, ജീരകം, കടുക്, ഉലുവ, പഞ്ചസാര, മട്ട അരി, ബോധന അരി, പച്ചരി എന്നീ നിത്യോപയോഗ ഭക്ഷ്യ വസ്തുക്കൾ നിശ്ചിത അളവിൽ വാങ്ങിയ വില യേക്കാൾ കുറഞ്ഞ വിലയ്ക്കാണ് സപ്ലൈകോ വിത രണം ചെയ്യുന്നത്. റേഷൻ കാർഡ് ഇല്ലാത്തവർക്കും കൂടുതൽ അളവിൽ നിത്യോപയോഗസാധനങ്ങൾ ആവ ശ്യമുള്ള ഉപഭോക്താക്കൾക്കും വാങ്ങിയ വിലയുടെ കൂടെ ചില്ലറ വിൽപ്പനശാലകളിൽ സ്റ്റോക്ക് എത്തി ക്കാനാവശ്യമായ കൈകാര്യ ചിലവ് കൂടെ ഉൾപ്പെടു ത്തിയ വിലയ്ക്ക് നൽകുന്നു. മുകളിൽ പറഞ്ഞിട്ടുള്ള ഇനങ്ങൾ ഒഴികെയുള്ള ഭക്ഷ്യ സാധനങ്ങൾക്ക് വില നിശ്ചയിക്കുന്നത് വാങ്ങിയ വിലയ്ക്ക് പുറമെ കൈകാര്യ ചിലവ്, ഭരണ പരമായ ചിലവ് മുതലായവ ഉൾപ്പെടുത്തി ഒരു ചെറിയ മാർജിനിലാണ്. ഇതുപ്രകാരം അരിയ്ക്ക് 4%, ഭക്ഷ്യഎണ്ണകൾക്ക് 10%, തേയില, കാപ്പി, കറിപൗഡർ എന്നിവയ്ക്ക് 15%, മൈദ, സൂചി, ആട്ട എന്നിവയ്ക്ക് 16% എന്നീ നിരക്കിലാണ് മാർജിൻ എടുക്കുന്നത്.

(ഒപ്പ്)
സെക്ഷൻ ഓഫീസർ